(സി) ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ സാമ്പത്തിക ബാദ്ധ്യതയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

മരച്ചീനിയെ മൂല്യവർദ്ധിത നികുതിയിൽനിന്നും ഒഴിവാക്കാൻ നടപടി

36 [2645] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനതയുടെ ഭക്ഷ്യോൽപ്പന്നമായ മരച്ചീനിയെയും മരച്ചീനി ഉൽപ്പന്നങ്ങളേയും മൂല്യവർദ്ധിത നികുതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മരച്ചീനിയെയും അതിന്റെ ഉൽപ്പന്നങ്ങളെയും ഈ നികുതി പട്ടികയിൽനിന്നും ഒഴിവാക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) സാധാരണക്കാരന്റെ ഈ ഭക്ഷ്യോൽപ്പന്നത്തെ പൂർണ്ണമായും നികുതിയിൽനിന്നൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പച്ച മരച്ചീനി മൂല്യവർദ്ധിത നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഉണക്കമരച്ചീനിയേയും ഒഴിവാക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി, ഇ) 'എ'-യുടെ ഉത്തരം കാണുക.

മത്സ്യ-മാംസാദികൾക്ക് ഏർപ്പെടുത്തിയ വാറ്റ് നികുതി

37 [2646] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം, മാംസം എന്നിവയ്ക്ക് വാറ്റ് പ്രകാരം നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നവയ്ക്കും സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തുന്നവയ്ക്കും എപ്രകാരമാണ് വാറ്റ് ബാധകമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഇറച്ചിക്കോഴിക്കും മുട്ടയ്ക്കും വാറ്റ് നിയമം ബാധകമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കോഴിയും, കോഴിയിറച്ചിയും ഒഴികെയുള്ള മാംസം, മത്സ്യം എന്നിവ യാതൊരുവിധ സംസ്കരണത്തിനും വിധേയമാക്കാത്തതും ഭക്ഷ്യയോഗ്യമായ രീതിയിൽ പായ്ക്ക് ചെയ്യാത്തതുമാണെങ്കിൽ മൂല്യവർദ്ധിത നിയമത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly